# ‘ദൈവം എന്ന ദുരന്തനായക’നിലെ പിതൃസങ്കല്പം

ദിവ്യ പി. എസ്.

*സംഗ്രഹം* :

മാതൃസങ്കല്പംപോലെ പിതൃസങ്കല്പവും നമ്മുടെ സാഹിത്യവ്യവഹാരങ്ങളിലെ ശക്തമായ അടിത്തറയാണ്. മാതാവിൽനിന്ന് പിതാവിലേക്കുള്ള കേന്ദ്രീകരണം സാമൂഹികമായ ദായക്രമത്തെക്കുറിച്ചുള്ള മാറ്റത്തെക്കുറിച്ചുള്ള സൂചനകൂടി നൽകുന്നുണ്ട്. പിതാവെന്ന സങ്കല്പത്തിന്റെ ജൈവികവും ആത്മീയവും സാംസ്കാരികവും രാഷ്ട്രീയവുമായ മാനങ്ങൾ ‘ദൈവം എന്ന ദുരന്തനായകൻ’ എന്ന നോവലിൽ വെളിവാകുന്നതെങ്ങനെ എന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

*താക്കോൽ വാക്കുകൾ* :

പിതാവ്, ദൈവം, പിതൃദായം, ഫോക്‌ലോർ, ഈഡിപ്പസ് കോംപ്ലക്സ്, ആന്റി ഈഡിപ്പസ്, രാഷ്ട്രീയഅബോധം

പി. പി. പ്രകാശൻ രചിച്ച ‘ദൈവം എന്ന ദുരന്തനായകൻ’ തെയ്യത്തിന്റെ അനുഷ്ഠാനപരതയെയും ജനകീയതയെയും കീഴാളജനതയുടെ ജീവിതയാഥാർത്ഥ്യങ്ങളുമായി ചേർത്ത് അന്വേഷിക്കുന്ന കൃതിയാണ്. യഥാതഥവും ആത്മീയവുമായ ലോകങ്ങൾ അതിൽ അഭിമുഖമായി നിൽക്കുന്നു. ഐ. ഐ. ടി.

ഡിപ്പാർട്ട്മെന്റ് ഓഫ് ഡിസൈനിങ്ങിലെ ഉദ്യോഗസ്ഥനായ പി. പ്രശാന്തൻ ഒരു വിഷുകാലത്ത്, തെയ്യം കലാകാരനായിരുന്ന അച്ഛനെപ്പറ്റിയും അദ്ദേഹത്തിന്റെ തട്ടകമായിരുന്ന പ്രദേശത്തെപ്പറ്റിയും ആലോചിക്കുന്ന ഘടനയാണ് നോവലിനുള്ളത്. അച്ഛൻ മരിച്ച് പതിമൂന്നു വർഷങ്ങൾക്കുശേഷമുള്ള വിഷുക്കാലത്താണിത് നടക്കുന്നത്. ഈ കാലവ്യത്യാസം അച്ഛന്റെയും മകന്റെയും ഭൗതികവും മാനസികവുമായ ജീവിതപരിസരവുമായുള്ള വ്യത്യാസത്തിന്റെ കാലം കൂടിയാണ്. ഒരർത്ഥത്തിൽ അച്ഛനു മകൻ പിൽക്കാലത്തു നൽകുന്ന ഓർമ്മയുടെ ആദരാഞ്ജലിയോ വാക്കുകൾകൊണ്ടുള്ള സ്മാരകമോ ആണ് ബാഹ്യഘടനയിൽ ഈ നോവൽ. അച്ഛനും മകനും എന്ന ദ്വന്ദ്വം രാമനും പ്രശാന്തനും തമ്മിലുള്ള ഭൗതികബന്ധത്തിൽമാത്രമായി ഒതുങ്ങി നിൽക്കുന്നതല്ല. അതിന് പല തലങ്ങളുണ്ട്. നോവലിന്റെ ആകമാനമുള്ള ആശയാന്തരീക്ഷത്തെ സ്വാധീനിച്ചുനിൽക്കുന്ന ഒന്നുകൂടിയാണ് ഈ ബന്ധകല്പന.

തെയ്യം കലാകാരനായ രാമനും ദൈവവുംതമ്മിലുള്ള ഒരു കൂടിക്കാഴ്ചയെ വിവരിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. നോവൽ കേന്ദ്രപ്രമേയമാക്കാനുദ്ദേശിക്കുന്ന ഒരു ചോദ്യവും അതിന്റെ ഉത്തരവും ഈ ആദ്യ അദ്ധ്യായത്തിൽത്തന്നെ കടന്നുവരുന്നു. ദൈവത്തെ തീണ്ടാതെ മാറിനിൽക്കുന്ന രാമനോട് ദൈവം ചോദിക്കുന്നു, 'ദൈവത്തിന് അയിത്തമില്ലെന്ന് അറിയില്ലേ?' എന്ന്. കടുത്ത ജാതിവ്യവസ്ഥയിൽ പുലരുന്ന രാമന് അക്കാര്യം അറിയില്ല. അതേസമയം 'അയിത്തമുള്ളവർക്ക് ദൈവമുണ്ട്' എന്ന ധാരണ അയാൾ അവിടെ പങ്കുവയ്ക്കുന്നു. "അച്ഛന്റെ മറുപടിയിൽ ദൈവത്തിന്റെ മുഖം തെളിഞ്ഞു. അദ്ദേഹം രണ്ടടി ദൂരെനിന്ന് അച്ഛനെ അനുഗ്രഹിച്ചു" (2021:13) എന്നാണ് തുടർന്നു വരുന്ന വാക്യം. അയിത്തവും തീണ്ടലും ശക്തമായി പരിപാലിക്കപ്പെടുന്ന ഒരു സാമൂഹികവ്യവസ്ഥിതിയുടെ ഇരയാണ് രാമൻ. അശരണവും പീഡിതവുമായ ആ അവസ്ഥയെ നേരിടാൻ അയാൾക്ക് ആകെയുള്ള മാർഗം ആശ്രിതത്വമാണ്. നിരുപാധികമായ വിധേയത്വങ്ങൾ പല രീതിയിൽ അയാളുടെ

ജീവിതത്തെ രൂപീകരിക്കുന്നു. സാമൂഹികമായ ഇടങ്ങളിൽ എതിർശബ്ദമില്ലാത്ത അടിമത്തമായും അതിഭൗതികമായ ഇടങ്ങളിൽ പ്രാർത്ഥനയായും അതു മാറുന്നു. തെയ്യവേഷധാരിയാകുന്ന ഒരാൾ സമൂഹത്തിനു മുന്നിൽ താത്കാലികമായി ദൈവമാണെങ്കിലും ആ മാറ്റംപോലും പാരമ്പര്യവും ജീവിതവും ഏല്പിക്കുന്ന ആഘാത ങ്ങളിൽനിന്ന് ആത്യന്തികമായി അയാളെ രക്ഷപ്പെടുത്താൻ ശക്തമല്ല. മുറവിളിപോലെയുള്ള നിരന്തരമായ പ്രാർത്ഥനയും കേവലമായ സഹനവുമായി അയാളുടെ ജീവിതം നോവലിൽ നിറഞ്ഞു നിൽക്കാൻ അതു കാരണമാകുന്നു. പതിനാലാം വയസ്സിൽ ആരംഭിച്ച തെയ്യക്കാരന്റെ ജീവിതം വർഷങ്ങൾക്കുശേഷം മരിച്ചുപോയ ഭാര്യയുടെ ഓർമ്മയിലും ശാരീരികമായ ദൗർബല്യത്തിലും ചുവടു പിഴച്ച്, തിരുമുടി ചരിഞ്ഞു കൈലാസക്കല്ലിനു മുന്നിൽ വീഴുന്ന തോടെ, അവസാനിക്കുന്നു. തെയ്യമാവുക എന്നത് അയാളുടെ ആഗ്രഹമായിരുന്നില്ല. കാവിൽ ചുവടുതെറ്റി വീണ മറ്റൊരു മനുഷ്യന്റെ ദുരന്തത്തിന്റെ വിധിഫലമായി തിരുമുടി പതിനാലാം വയസ്സിൽ അയാളുടെ തലയിലേക്ക് വന്നുകയറിയതാണ്. ദൈവമാകാനും അല്ലാതാകാനും സമൂഹത്തിൽ മേൽക്കോയ്മയുള്ള മനുഷ്യരുടെ ഇംഗിതങ്ങൾ മാത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസ്ഥയിലാണ് അയാൾ പരാജയപ്പെട്ട മനുഷ്യനെന്നതുപോലെ പരാജയപ്പെട്ട ദൈവവുമായിത്തീരുന്നത്.

തെയ്യം കലാകാരനായ രാമൻ ദൈവവുമായി നടത്തുന്ന സ്വകാര്യമായ സംഭാഷണദൃശ്യം പിതൃപുത്രബന്ധത്തിന്റെ അതിഭൗതികമായ തലം വെളിവാക്കുന്നു. അതിന്റെ ഉള്ളിൽ ഉള്ളത് സാമൂഹികയാഥാർത്ഥ്യത്തെ സംബന്ധിക്കുന്ന രാഷ്ട്രീയചോദ്യവുമാണ്. ജീവിക്കുന്ന ലോകത്തിൽനിന്നുകൊണ്ട് സാക്ഷാത്കരിക്കാൻ കഴിയുന്ന അതീതലോകത്തിന്റെ സമീപസ്ഥതയാണ് ആ രംഗത്തിന്റെ ആത്മീയതലം. ദൈവമാകാൻ അവസരം സിദ്ധിച്ചിട്ടും വിട്ടൊഴിഞ്ഞു പോകാത്ത ജാതീയതയെയും ദാരിദ്ര്യത്തെയും വിധേയത്വത്തെയുംകുറിച്ചുള്ള വീണ്ടുവിചാരങ്ങളാണ് രാഷ്ട്രീയവശം. പ്രശാന്തന്റെ ബോധധാരയിൽ ലയിച്ചു ചേരുന്ന അച്ഛനും ദൈവവും നോവലിലെ രണ്ടു

ഭിന്നലോകങ്ങൾ തമ്മിലുള്ള വൈകാരികസംഘർഷത്തിന്റെ പ്രതിരൂപങ്ങൾ കൂടിയാണ്. പിതാവായ രാമൻ പ്രതിനിധീകരിച്ചിരുന്ന ഒരു ലോകത്തിന്റെ നേരെ എതിർവശത്താണ് പ്രശാന്തൻ ഇപ്പോഴുള്ളത്. അച്ഛന്റെ പ്രവർത്തനസ്ഥലം ഗ്രാമമായിരുന്നെങ്കിൽ പ്രശാന്തൻ നഗരത്തിലാണ്. വിശ്വാസത്തിന്റെ കുടുംബപാരമ്പര്യത്തിൽനിന്ന് അയാൾ എത്തിച്ചേർന്നിരിക്കുന്നത് ഐ. ഐ. ടിയുടെ സാങ്കേതികലോകത്താണ്. ജാതിയും ജന്മിത്തവും എതിർവായില്ലാത്ത വാഴുന്ന അടഞ്ഞ ഫ്യൂഡൽ വ്യവസ്ഥയിൽനിന്ന് മുതലാളിത്തത്തിന്റെ വികസിതലോകത്തിലാണ് അയാളുടെ ജീവിതം. അച്ഛന്റെയും അമ്മയുടെയും ഗ്രാമീണലോകത്തിലെ വിധേയത്വത്തിനു പകരം ഇപ്പോ ഴുള്ളത് ഉദ്യോഗസ്ഥജീവിതത്തിലെ സ്വയം നിർണ്ണയാധികാരവും ജനാധിപത്യപരമായ സൗഹൃദങ്ങളുമാണ്. എന്നാൽ പ്രശാന്തൻ ഭൂതകാലത്തിന്റെ നിരന്തരമായ വേട്ടയാടലിനു വിധേയനാണ്. അച്ഛനെമാത്രം ചുറ്റി നിൽക്കുന്ന ഓർമ്മകളായതുകൊണ്ട് പ്രശാന്തനും പീഡിതാവസ്ഥയുടെ ഇരയാണെന്ന് പറയാം. രാമൻ അനുഭവിച്ച ഭൗതികമായ അനുഭവങ്ങളുടെ ഭൂതകാലത്തെ മാനസികമായി വർത്തമാനകാലത്തിൽ ഏറ്റുവാങ്ങുകയാണ് പ്രശാന്തൻ ചെയ്യുന്നത്.

**ദൈവവും പിതാവും**

ദൈവം, വാച്യാർത്ഥത്തിൽ ദ്യോവിലിരിക്കുന്ന ആളാണ്. മനുഷ്യരുടേതിനെക്കാൾ ഉയർന്ന മേഖലയാണ് ദൈവത്തിന്റെ പ്രവൃത്തിമണ്ഡലം. പുതിയ നിയമത്തിലെ സുവിശേഷങ്ങളിൽ യേശു നിരന്തരമായി തന്റെ പിതാവായ ദൈവത്തെ അനുസ്മരിക്കുന്നതായി കാണാം. തന്റെ പിതാവെന്നു മാത്രമല്ല, ഉപദേശങ്ങളിൽ നിങ്ങളുടെ പിതാവെന്നും അദ്ദേഹം ദൈവത്തെ വിശേഷിപ്പിക്കുന്നുണ്ട്. (മത്തായി, 6:27) 'അപ്പോസ്തലന്മാരുടെ പ്രവൃത്തി'കളിൽ ജനങ്ങളോടുള്ള സംബോധന 'സഹോദരങ്ങളേ' എന്നായിമാറുന്നു. (പൗലോസ് റോമർക്ക് എഴുതിയ ലേഖനം, 10:1) മനുഷ്യവംശമൊട്ടാകെ

ഒരു കുടുംബവും അവർക്ക് ഏകനായ പിതാവും എന്ന സങ്കല്പമാണ് സാർവലൗകികസാഹോദര്യ(Universal Brotherhood) സംഘങ്ങൾക്കുതന്നെയും കാരണമായിത്തീരുന്നത്. കർക്കശമായ ഉപദേശങ്ങളും വിട്ടുവീഴ്ചയില്ലാത്ത നിർദ്ദേശങ്ങളും നൽകിക്കൊണ്ട് സന്നിഹിതനാകുന്ന ശാസകനാണ് മതനിഷ്ഠനായ ദൈവപിതാവ്. കുടുംബബന്ധത്തിന്റെ പശ്ചാത്തലത്തിൽ ദൈവത്തെ നോക്കിക്കാണുന്ന രീ തിയാണ് പ്രാചീനഗോത്രസങ്കല്പത്തിൽനിന്ന് ആധുനികസംഘടിത മതഭാവനകളിലേക്ക് വികസിച്ചു വന്നതെങ്കിലും രക്ഷകനും ശിക്ഷകനും സമ്മേളിക്കുന്ന ഉഗ്രമൂർത്തിയുടെ ഭാവമല്ല, നാടോടി ദൈവങ്ങൾക്കുള്ളത്. ആര്യദൈവങ്ങളുടെ അലൗകികമായ വ്യവഹാരങ്ങളുമല്ല അവർക്കുള്ളത്. അവർ സാധാരണഭാഷ സംസാരിക്കുകയും അതേ ഭാഷയിൽ ആവലാതികൾ കേൾക്കുകയും ചെയ്യുന്നു. അവർ മനുഷ്യർക്കിടയിൽനിന്നു ഉയിർക്കുകയും അവിടെ ജീവിക്കുകയും അവരുടെ ജീവിതഗണിതങ്ങളുടെ പരിഹാരമില്ലായ്മയിൽ അണിചേരുകയും ചെയ്യുന്നു. ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻപോലും വകയില്ലാത്ത തരത്തിലുള്ള അജ്ഞാനിയാണ് പലപ്പോഴും നാടോടി ദൈവം. സെമിറ്റിക് മതങ്ങൾ വിഭാവന ചെയ്ത ഏകശാസകനായ പിതാവല്ല അത്.

മനുഷ്യരെ ദൈവമാക്കുന്ന ഘടകങ്ങളിലൊന്ന് അയാൾ/അവൾ താണ്ടുന്ന അസാധാരണമായ ജീവിതാ നുഭവകാഠിന്യത്തിന്റെ അപൂർവതയാണെന്ന ആശയമാണ് കതിവനൂർവീരൻ തെയ്യത്തിന്റെ കഥ മുന്നിൽ വയ്ക്കുന്നത്. ഗോത്രീയമായ വീരാരാധനസമ്പ്രദായങ്ങളിലും മുന്നിട്ടു നിൽക്കുന്നത് ഈ ഘടകമാണ്. കതിവനൂർ വീര ന്റെ ഐതിഹ്യത്തെ 'ദൈവം എന്ന ദുരന്തനായക'നിലും രാമന്റെയും കുഞ്ഞിയുടെയും ദാമ്പത്യത്തിന്റെ ഉടക്കവുമാ യിച്ചേർത്ത് അവതരിപ്പിക്കുന്നുണ്ട്. (പുറം.44-45) മാങ്ങാട്ടുനിന്ന് കുടകിലെ മലമുടിയിലേക്ക് യാത്ര പുറപ്പെടുന്ന മന്ദപ്പൻ, കതിവനൂർ വീരൻ തെയ്യമായി മാറുന്ന കഥയാണ് എൻ പ്രഭാകരന്റെ 'ഏഴിനും മീതെ' എന്ന നോവലിൽ അവതരിപ്പിക്കുന്നത്. നായാടിയിൽനിന്ന് കാർഷികവൃത്തിയിലേക്ക് പരിണമിച്ച

മനുഷ്യവംശത്തിന്റെ ഹ്രസ്വചരിത്രാഖ്യാനമാണ് മന്ദപ്പന്റെ നീണ്ട സാഹസികയാത്രയിലുള്ളതെന്ന് സോമൻ കടലൂർ നിരീക്ഷിക്കുന്നു. (2012:109) സ്വാനുഭവങ്ങളിലൂടെ ജനസമൂഹത്തിനു താദാത്മ്യം പ്രാപിക്കാനുള്ള അവസ്ഥയിലാണ് നാടോടിപാരമ്പര്യ ങ്ങളിലെ ദൈവമുള്ളത്. അത് വരാൻപോകുന്ന തലമുറയ്ക്ക് മാർഗദർശിത്വവുമായി മാറുന്നു. ഈ ഘടകമാണ് ദൈവമായി മാറിയ തെയ്യക്കാരനെ അയാൾ അഭിസംബോധന ചെയ്യുന്ന ജനക്കൂട്ടവുമായി രക്തബന്ധുത്വമുള്ള നില യിലാക്കുന്നത്. ആക്രോശങ്ങൾക്കു പകരം, ആശ്വാസങ്ങൾ അയാളുടെ സാമീപ്യത്തെ ഊഷ്മളമാക്കുന്നു. തെയ്യ ക്കോലത്തിന്റെ 'കുഞ്ഞീ' എന്നും 'എന്റെ പൈതങ്ങളേ' എന്നുമുള്ള വിളിയിൽ വൈകാരികമായ പിതൃവാത്സല്യം അനുഭ വേദ്യമാണ്. ഈ ആദ്ധ്യാത്മികമായ തലത്തിലാണ് രാമന്റെയും പ്രശാന്തന്റെയും പിതൃപുത്രഭാവത്തിന്റെ പ്രാഥമി കതലം പ്രവർത്തിക്കുന്നത്. തെയ്യം വേഷക്കാരനായ അച്ഛന്റെ ദുരന്തജീവിതം, പരാജയപ്പെട്ട ദൈവത്തിന്റെയാ ണെന്ന കല്പനയാണ് നോവലിന്റെ തലക്കെട്ടുതന്നെ മുന്നോട്ടുവയ്ക്കുന്നത്.

**അച്ഛൻ എന്ന ജൈവികസത്ത**

യജമാനൻ, അമ്മയുടെ സഹോദരൻ, ശ്വശുരൻ, തെളിവോടുകൂടിയവൻ, പ്രസന്നൻ, ശുക്രൻ എന്നെല്ലാം ശബ്ദതാരാവലി, അച്ഛന് അർത്ഥം കൊടുക്കുന്നു. ജനിപ്പിക്കുക, പഠിപ്പിക്കുക, ചോറുകൊടുത്തു വളർത്തുക ഇത്രയും ചെയ്യുന്നതിനാൽ അച്ഛൻ ഗുരുവാകുന്നു. രക്ഷിക്കുന്നവർ എന്ന അർത്ഥത്തിൽ നാട്യോക്തിയിൽ അച്ഛൻ 'ആവുക നാ'ണ്. (ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ള, 1980:67-68) സംസ്കൃതപദമായ 'അച്ഛ' ത്തിൽനിന്നാണ് നിർമ്മലമാ യ, തെളിഞ്ഞ എന്നീ അർത്ഥങ്ങളുള്ള തെളിവും പ്രസാദവും ഭാവങ്ങളായി വരുന്നത്. എന്നാൽ ഇതിനു നേരെ വിരുദ്ധമായ ഭാവവും അർത്ഥവുമാണ് നോവലിൽ പ്രകടമാവുന്നത്. രക്ഷിക്കുന്ന ആൾ എന്ന അർത്ഥമുള്ള പിതാവ് ('പിതാ പാതാ') എന്ന സംസ്കൃതപദത്തേക്കാൾ വിപുലമായ അർത്ഥമാണ് 'അച്ഛനു'ള്ളത്. ആ

വാക്കിന്റെ ആശയം, ഭാവം, അർത്ഥാന്തരത, അതിനുള്ള ധർമ്മം - ഇതു നാലും 'ശബ്ദതാരാവലി'യുടെ വിശദീകരണത്തിലുണ്ട്.

അടുത്ത തലമുറയുടെ രൂപപ്പെടലിലുള്ള പ്രകൃതിപരമായ പങ്കാളിത്തമാണ് ജീവശാസ്ത്രപരമായി അച്ഛന്റെ പ്രസക്തി. ജന്തുവർഗങ്ങളിൽ ലിംഗപരമായി ആണിനാണ് അച്ഛനായിരിക്കാൻ സാധിക്കുക. കുഞ്ഞിനു ലഭിക്കുന്ന ജനിതകഘടകങ്ങൾ അയാളുടെയുംകൂടി സംഭാവനയാണ്. മാനസികവും ശാരീരികവുമായ സവിശേഷതകളുടെ ആനുപാതികമായ കൈമാറ്റവും അവിടെ നടക്കുന്നുണ്ട്. ഈ ജീവശാസ്ത്രപിതാവിന് സാർവത്രികതയുണ്ട്. ജീവനുള്ളവയ്ക്കെല്ലാം ബാധകമാണ് ഈ സംഗതി. രക്തബന്ധമെന്ന് വിശേഷിപ്പിക്കപ്പെടുന്നതിൽ ഈ പ്രത്യേകതകൾ അടങ്ങിയിരിക്കുന്നു. പ്രശാന്തന്റെ അമ്മ കുഞ്ഞിയെക്കുറിച്ചും സഹോദരങ്ങളെക്കുറിച്ചുമുള്ള ഓർമ്മകൾ, ചങ്ങാത്ത ങ്ങൾ, തൊഴിൽബന്ധങ്ങൾ എന്നിവയെല്ലാം നോവലിൽ കടന്നുവരുന്നുണ്ടെങ്കിലും നോവലിന്റെ ആഖ്യാനഘടന യെയും പ്രത്യയശാസ്ത്രത്തെയും നിർണ്ണയിക്കുന്ന പ്രധാന ഘടകം അച്ഛനോട് പ്രശാന്തനുള്ള അടുപ്പമാണ്. കൈമാറ്റം ചെയ്യപ്പെടുന്ന ജനിതകസവിശേഷതകൾക്കു ചുറ്റുമായി കൂടിച്ചേരുന്ന വൈകാരിക അടരുകളാണ് അതിന്റെ അടിസ്ഥാനം. അച്ഛനോടുള്ള സ്നേഹത്തിന്റെ ഇഴയടുപ്പമാണ് ഇവിടെ നോവലിന്റെ ഭാവരാശിയെ നിർവചിക്കുന്ന ഘടകവും. പ്രശാന്തന്റെ മറ്റു ബന്ധങ്ങളെയെല്ലാം നിർണ്ണയിക്കുന്ന സംഗതിയായി നോവലിൽ ഇത് നിലനിൽക്കുന്നു.

"മുപ്പതുവർഷത്തെ ദാമ്പത്യത്തിൽ ഒരിക്കൽപോലും കുടുംബപ്രാരാബ്ധങ്ങളുടെ താളപ്പിഴകൊണ്ട് തെയ്യക്കാരന്റെ കലാശച്ചുവട് പിഴച്ചില്ല. അരങ്ങിലും അണിയറയിലുമെല്ലാം മനുഷ്യനും ദൈവത്തിനും നിഴലായി സഞ്ചരിച്ചു. (...) ദൈവത്തിനു മുമ്പും ശേഷവുമുള്ള മനുഷ്യാവസ്ഥകളിൽ അണിയറയുടെ ആളൊഴിഞ്ഞ മൂലയിൽ കരുതലും

കാവലുമായി നിലകൊണ്ടു. കളിയാട്ടത്തിരക്കുകളുടെ നിസ്സഹായതയിൽ ഏതു കുറവും പരിഹരിക്കുന്ന അത്താണിയായി അച്ഛൻ അമ്മയെ നോക്കി" (പുറം.152)

ജീവിതകാലം മുഴുവൻ ദുരന്തം അനുഭവിച്ച അമ്മയുടെ മരണാസന്നസമയത്തെ ചിത്രം പ്രശാന്തന്റെ മനസിലുദിക്കുന്നതും അച്ഛന്റെ നോട്ടപ്പാടിലൂടെയും അദ്ദേഹത്തിന് അനുഭവപ്പെട്ട രീതിയിലുമാണ്. മറ്റു ബന്ധങ്ങളെ അപ്രസക്തമാക്കിക്കൊണ്ടാണ് പിതൃരൂപം കഥാപാത്രത്തിന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നത്. അമ്മയുമായുള്ള വൈകാരികബന്ധത്തിനും മുകളിലാണ് പിതാവിന്റെ സ്ഥാനം. അമ്മയുടെ വേർപാടിനുശേഷം അവർ അധികമൊന്നും പ്രശാന്തന്റെ ഓർമ്മകളിൽ കടന്നു വരുന്നില്ല. എന്നാൽ അയാളുടെ ചിന്തകളെയാകെ ബാധിച്ച അസ്തിത്വ മായി മരണത്തിനുശേഷവും രാമൻ ജീവിക്കുന്നു. "അച്ഛനില്ലാതെ കഴിഞ്ഞ പതിമൂന്ന് വർഷവും അമ്പലമുറ്റത്തെ ആൾത്തിരക്കിനിടയിൽ ഞാൻ അച്ഛനെ തിരയാറുണ്ട്. അണിയറയിലും വെപ്പുപുരയിലും ആൽത്തറയിലും ചെമ്പകത്തിന്റെ ചുവട്ടിലും തുലാഭാരപ്പന്തലിലും എഴുന്നള്ളത്ത് നടയിലും അമ്പലക്കുളത്തിന്റെ കൽപ്പടവിലും കൊടിമരത്തിനു കീഴിലുമെല്ലാം അച്ഛന്റെ സാന്നിദ്ധ്യം ഞാൻ അനുഭവിക്കാറുണ്ട്." (പുറം.18)

മനശ്ശാസ്ത്രപരമായി, കൈവിട്ടു പോയ രക്ഷിതാവിനെ തിരയുന്ന കുട്ടിയുടേതാണ് ഈ ഭാവം. പഠിച്ച് ഉദ്യോഗസ്ഥനായ പ്രശാന്തനെ ചിത്രീകരിക്കാൻ നോവലിലുടനീളം ഈ മാതൃക നോവലിസ്റ്റ് സ്വീകരിച്ചിരിക്കുന്നതായി കാണാം. അച്ഛനെ കാണാതെ ഉഴറുന്ന മകന്റെ വേവലാതികളായി പ്രശാന്തന്റെ നീണ്ടു നീണ്ടുപോകുന്ന ഓർമ്മകളെ വായിക്കാം. ജൈവികമായ പിതൃരൂപത്തോടുള്ള മകന്റെ അടുപ്പത്തിന്റെ മറ്റൊരു വശമാണിത്. ആൾക്കൂട്ടത്തിലോ വിജനവീഥിയിലോ ഒറ്റപ്പെട്ടതുപോലെ അയാൾ പിതാവിനെ തേടിക്കൊണ്ടേയിരിക്കുന്നു. ഓർമ്മകൾകൊണ്ട് ആ സാന്നിദ്ധ്യത്തെ നിറയ്ക്കുന്നു. ഒറ്റയ്ക്കായിപ്പോയതുകൊണ്ട് വേവലാതിപ്പെടുന്ന കുട്ടിക്കു മുന്നിൽ പെട്ടെന്ന് പ്രത്യക്ഷപ്പെടുന്ന

അച്ഛൻ നൽകുന്ന വൈകാരികമായ സുരക്ഷാബോധമാണ് ഓർമ്മകൾ അയാളിൽ നിറയ്ക്കുന്നത്. നിയമപരവും സാമ്പത്തികവുമായ രക്ഷാകർതൃ അവസ്ഥകളിൽനിന്ന് ദൂരെയാണ് രാമൻ ഇവി ടെ പ്രശാന്തനെ സംബന്ധിച്ചിടത്തോളം. ദാരിദ്ര്യം അവരുടെ ജീവിതത്തിലാകെ നിറഞ്ഞു നിൽക്കുന്ന യാഥാർത്ഥ്യമാണ്. എന്നാൽ ഈ പേരിൽ പ്രശാന്തൻ എവിടെയും അച്ഛനെ കുറ്റപ്പെടുത്തുന്നില്ല. ('പരിപാലിക്കുന്ന ആളാ ണ് പിതാവ്' എന്ന നിരുക്തി ഓർക്കുക) ദാരിദ്ര്യവും ജാതീയമായ നീചാവസ്ഥയും സാമൂഹികാവസ്ഥയുടെ ഫലമാണെന്നും അച്ഛനടക്കമുള്ളവർ നിസ്സഹായരായ ഇരകൾമാത്രമാണെന്നും അയാൾക്കറിയാം. സാഹചര്യങ്ങൾ ഇരകളെ സൃഷ്ടിക്കുന്ന എന്ന ബോധ്യംകൊണ്ടുകൂടി അയാൾ തന്റെ ജൈവികപിതാവുമായി കൂടുതൽ അടുത്തു നിൽക്കുന്നു.

ശിശുസഹജമായ ഈ ഭാവം മറ്റൊരുതരത്തിലും നോവലിനുള്ളിൽ പ്രവർത്തിക്കുന്നു. കുട്ടികളുടെ ആദ്യത്തെ വീരനായകൻ സ്വപിതാവാണെന്ന സങ്കല്പത്തെ പിൻപറ്റുന്ന നിരീക്ഷണങ്ങൾ പ്രശാന്തന്റെ ഓർമ്മയിൽനിന്ന് ഉരുത്തിരിച്ചെടുക്കാവുന്നതാണ്. പണ്ട് തന്റെ ഉപ്പൂപ്പ പറയുമായിരുന്ന കാര്യം സഹയാത്രി കനായ മജീദ് പ്രശാന്തനോട് പറയുന്നത് ഇങ്ങനെയാണ്: "സാറിന്റെ അച്ഛന് അറിയാത്ത പണികളില്ലെന്ന്, ലോകത്ത് അയാള് മാത്രം ബാക്കിയായാലും അയാള് ജീവിച്ചോളും" എന്ന്. (പുറം.140) ഇതിനേക്കാൾ ആദരവും ബഹുമാനവും നിറഞ്ഞു നിൽക്കുന്ന ഒരോർമ്മ മറ്റൊരിടത്ത് പ്രശാന്തൻ പങ്കുവയ്ക്കുന്നു. 'തെയ്യക്കാരൻ കലാശച്ചുവടിൽ അപാരമായ താളബോധമുള്ള നർത്തകനാണ്. തോറ്റം പാട്ടിൽ അയാൾ സ്വരസ്ഥാനമുറച്ച ഗായകനാണ്. മുഖത്തെഴുത്തിൽ വ്യാമുഗ്ധനായ ചിത്രകാരൻ, കിരീടവും തിരുമുടിയും സൂക്ഷ്മഭാവനയിൽ കൊത്തിയെടുക്കുന്ന ശില്പി, മനുഷ്യാവസ്ഥയിൽനിന്ന് ദൈവാവസ്ഥയിലേക്കുള്ള പരിണാമത്തിൽ ഭാവാഭിനയത്തിന്റെ മർമ്മമറിഞ്ഞ നടൻ.' (പുറം.144) നോവൽ പൊതുവായി വരച്ചിടുന്ന ദാരിദ്ര്യത്തിന്റെയും അവഹേളനത്തിന്റെയും പശ്ചാത്തലത്തിൽനിന്ന് ഉയർന്നു നിൽക്കുന്ന വർണ്ണനയാണിത്. അച്ഛനെക്കുറിച്ചുള്ള ശൈശവമനസ്സിന്റെ ആദർശപരിവേഷം ഈ ഓർമ്മത്തുണ്ടിൽ

കലരുന്നുണ്ട്. 'വിശദാംശങ്ങളിലെ സൗന്ദര്യം' എന്ന വിശേഷണം തെയ്യക്കാരനുമാത്രമല്ല, പ്രശാന്തന്റെ മനസ്സിലെ പിതൃരൂപത്തിനും യോജിക്കും.

ഇതോടൊപ്പം ചേർത്തു വയ്ക്കേണ്ട മറ്റൊരു കാര്യമാണ് ജ്ഞാനവിനിമയം. സ്ഥാപനത്തിനോ പ്രസ്ഥാനത്തിനോ തുടക്കം കുറിച്ച ആൾ എന്ന നിലയിൽ അച്ഛൻ എന്നു വ്യവഹരിക്കാറുണ്ട്. കണ്ടെത്തലിലും മറനീക്കലിലും ഉള്ള ജ്ഞാനാധികാരത്തിന്റെ ഒരു ഘടകം പിതൃത്വസങ്കല്പത്തിനുള്ളിലും പ്രവർത്തിക്കുന്നു. അച്ഛൻ എന്ന വാക്കിനു ഗുരുവെന്നും അർത്ഥമുണ്ട്. പിതൃത്വത്തിന്റെ ഭാവമായി ഗുരുത്വത്തെ പരിഗണിക്കുന്ന പതിവ് പാരമ്പര്യത്തിൽത്തന്നെയുള്ളതാണ്. ഭാഷാപിതാവെന്ന നിലയ്ക്കുള്ള എഴുത്തച്ഛൻ എന്ന വിളിപ്പേരും പി. കുഞ്ഞിരാമൻ നായരുടെ 'കളിയച്ഛൻ' എന്ന കവിതയുമെല്ലാം ഈ ഉദാഹരണത്തിനുള്ളിൽ വരുന്നു. രാമന് അക്ഷരമറിയാമെന്ന ഊറ്റമുണ്ടായിരുന്നു എന്ന കാര്യം നോവലിസ്റ്റ് ആവർത്തിക്കുന്നുണ്ട്. പ്രശാന്തനെ ചേർക്കുമ്പോൾ സ്കൂൾ രജിസ്റ്ററിൽ വിരലു പതിപ്പിക്കുന്നതിനു പകരം രാമൻ അഭിമാനത്തോടെ ഒപ്പിടുന്നതും വീട്ടിൽവച്ച് ചേച്ചിയുടെ മകൻ വായിക്കുന്ന അംഗനവാടി പുസ്തകത്തിൽ എഴുതിയിരിക്കുന്നത് കുറുക്കനാണെന്ന് പറഞ്ഞ് നിരക്ഷരയായ അമ്മയുടെ 'കുറുനരി' വാദത്തെ തോൽപ്പിക്കുന്നതും (പുറം.118-119) പ്രശാന്തന്റെ തെളിച്ചമുള്ള ഓർമ്മയുടെ ഭാഗമാണ്. അതിനേക്കാൾ പ്രധാനമാണ് തെയ്യംകെട്ടലിനെ സംബന്ധിച്ച് വളരെ വിശദമായ അറിവ് അച്ഛനുണ്ടെന്ന് പ്രശാന്തൻ മനസിലാക്കുന്ന സന്ദർഭം. അയാൾ പ്രതിഫലം ആഗ്രഹിക്കാതെ അസുഖങ്ങൾ മാറ്റുന്ന വൈദ്യനായും വാദ്യോപകരണങ്ങളുടെ നിർമ്മാണവിദ്യ അറിയുന്ന ആളായും പ്രത്യക്ഷപ്പെടുന്നു. കളം മുറിഞ്ഞു നിൽക്കുന്ന അറിവുകളല്ല, ആകാശത്തെയും ഭൂമിയെയും ജീവപ്രകൃതിയെയും കലയെയും സമത്വവാദത്തെയുമെല്ലാം ആഗിരണം ചെയ്യുന്ന സമഗ്രമായ ജ്ഞാനപദ്ധതിയുടെ മൂർത്തരൂപമായി അച്ഛൻ പ്രശാന്തന് അനുഭവപ്പെടുന്നതയാണ് കല്പന. അച്ഛന്റെകൂടെ നടന്നതുകൊണ്ട് പ്രശാന്തനു പകർന്നു കിട്ടുന്ന ഈ അറിവ് പ്രത്യേക തൊഴിൽ മേഖലയ്ക്കു വേണ്ടിയുള്ളതല്ല, പകരം,

ലോകബോധത്തെ പരുവപ്പെടുത്താൻ സഹായകരമായതാണ്. വിഷ്ണുക്കാലത്തോടും നാടിനോടുമുള്ള പ്രശാന്തന്റെ ബന്ധത്തെ ദൃഢമൂലമാക്കുന്നതിൽ അച്ഛനിൽനിന്ന് പകർന്നു കിട്ടുന്ന പ്രകൃതിപാഠങ്ങൾക്ക് പങ്കുണ്ട്. മറ്റൊരുതരത്തിൽ അച്ഛനോടുള്ള ജൈവികമായ ബന്ധത്തിന്റെ രൂപമാണ് സ്വന്തം ദേശത്തോടും അയാൾക്കുള്ളത് എന്നും പറയാം. ജനിച്ചു വീഴുന്ന മണ്ണും ജീവന്റെ ജനിതകപാരമ്പര്യത്തിന്റെ ഭാഗമാണ്. ജർമ്മനി പോലെയുള്ള ചില പ്രദേശങ്ങൾ സ്വന്തം ദേശത്തെ പിതൃഭൂമിയെന്നാണ് വിളിക്കുന്നത്. ഇന്ത്യൻ കാഴ്ചപ്പാടിൽ ശ്മശാനത്തിനാണ് പിതൃഭൂമി എന്ന് പര്യായമുള്ളതെങ്കിലും ജൈവികമായ ബന്ധത്തെ ആ വിളിപ്പേരും അർത്ഥമാക്കുന്നുണ്ടെന്നു പറയാം.

**കഥാപാത്രബന്ധങ്ങളിലെ പിതൃഛായകൾ**

ശിക്ഷകൻ, രക്ഷകൻ എന്നീ വൈരുദ്ധ്യങ്ങൾക്കു പുറമേ, പിതൃസങ്കല്പങ്ങൾ സ്വകാര്യമായ അനുഭവങ്ങളുടെ കേവലാവിഷ്കാരം എന്നതിനപ്പുറം രചനാപരവും നയപരവുമായ ആശയലോകങ്ങളോടും വ്യക്തമായി കെട്ടുപിണയുന്നു. അനുഭവങ്ങൾ വ്യത്യസ്തനിലയിൽ പ്രകടമാവുന്നതുപോലെയാണ് നോവലിൽ ബന്ധങ്ങളുടെ ആവർത്തനവും. അച്ഛൻ-മകൻ എന്ന ദ്വന്ദ്വം പലതരത്തിലാണ് നോവൽ ഘടനയ്ക്കകത്ത് പ്രവർത്തിക്കുന്നത്. ദൈവവും രാമനും എന്ന ദ്വന്ദ്വത്തിന്റെ ആത്മീയമായ തലം മുകളിൽ ചർച്ച ചെയ്തതാണ്. ഭൗതികതലത്തിൽ പ്രവർത്തിക്കുന്ന മറ്റു ബന്ധങ്ങളിലും പിതൃ-പുത്രഛായകളുണ്ട്.

വകുപ്പു മേധാവിയായ വിജയകൃഷ്ണന് പ്രശാന്തനുമായുള്ള അടുപ്പത്തിൽ ഉള്ളത് പിതൃത്വത്തിന്റെ പ്രകാശമാണ്. ദൈവവും രാമനുമായുള്ള ബന്ധം ആത്മീയമായിരിക്കുന്നതുപോലെ രാമന്റെയും പ്രശാന്തന്റെയും ബന്ധം ജൈവികവുമാണ്. പ്രശാന്തനു വിജയകൃഷ്ണനുമായുള്ള ബന്ധം ഔദ്യോഗികമാണ്. ഇവയിൽനിന്ന് വ്യത്യസ്തമായി മറ്റൊരുതരം സാമൂഹികമായ രക്ഷാകർത്തൃബന്ധവും നോവലിനകത്ത്

പ്രവർത്തിക്കുന്നുണ്ട്. രാമനെ തെയ്യംകെട്ടലിലേക്ക് അധികാരത്തോടെ വിളിച്ചുകയറ്റുന്ന കിട്ടൻ നമ്പ്യാരിലും കമ്മ്യൂണിസത്തിന്റെ പ്രായോഗികപാഠങ്ങൾ പകർന്നു നൽകുന്ന കണ്ണമ്മാഷിലും ചെറുപ്പക്കാരെ ദുബായിൽ കൊണ്ടുപോയി രക്ഷപ്പെടുത്തുന്ന, അങ്ങനെ നാടിന്റെ ഭൗതികവികസനത്തിനു കാരണക്കാരനാവുന്ന ബിസ്കറ്റ് ഗോപാലനിലും രാഷ്ട്രീയ ഉത്തരങ്ങളുടെ നാഥനായ നക്സൽ മാധവനിലും എല്ലാം വ്യത്യസ്തനിലയുള്ള പിതാക്കന്മാർ ഏറിയും കുറഞ്ഞും കുടിയിരിക്കുന്നുണ്ട്. കുട്ടികൾക്ക് നിരന്തരം പുതിയ പേരുകൾ നൽകി അവരെ പുനർജ്ജനിപ്പിക്കുന്ന എർമ്മൂക്ക, നിരക്ഷരനാണ്. എർമ്മൂക്കയെ നോവലിലെ ആഖ്യാതാവ് ഒരിടത്ത് 'ഭാഷയുടെ ദൈവം' എന്നാണ് വിളിക്കുന്നത് (പുറം.65) എല്ലാ കുഞ്ഞുങ്ങളെയും സ്നേഹിച്ചും അവർക്കു നാമകരണം നടത്തി, വാക്കുകൾകൊണ്ടു താലോലിച്ചും ആ ഗ്രാമീണ മനുഷ്യൻ പിതൃസ്ഥാനത്തേയ്ക്ക് ഉയരുന്നു. പാലോട്ട് തെയ്യത്തെക്കുറിച്ച് വാചാലമായി സംസാരിക്കുന്ന കണ്ണൂർകാരി അഖില, പ്രശാന്തന്റെ ഉള്ളിലെ പിതാവിനെ ഉണർത്തുകയും തന്റെ അച്ഛനിലേക്കുള്ള ഓർമ്മയുടെ നിലവറ തുറ ക്കാൻ കാരണമാവുകയും ചെയ്യുന്നുണ്ട്. ആ സന്ദർഭത്തെ നോവലിസ്റ്റ് ആവിഷ്കരിക്കുന്ന ഒരു സന്ദർഭം നോക്കുക :

"ഓർമ്മയുടെ ചിറകിൽ അവളെന്നോടൊപ്പം പറന്നു. അവിടെ, മധ്യാഹ്നസൂര്യന്റെ പ്രതാപരശ്മികളേറ്റ് ഉരുകിത്തിളയ്ക്കുന്ന മണൽപ്പരപ്പിലൂടെ അച്ഛൻ നഗ്നപാദനായി നടന്നു. പിന്നാലെ നടന്നു കിതച്ച് അഖില ചോദിച്ചു:

നമുക്കു തിരിച്ച് നടന്നാലോ?

വാത്സല്യത്തിൽ കുതിർന്ന നോട്ടമായിരുന്നു മറുപടി. നോട്ടം തലമുറകളിലേക്ക് പതിഞ്ഞു." (പുറം.22)

ദൈവവും രാമനുമായി നോവലിന്റെ ആരംഭത്തിൽ നടത്തുന്ന സംഭാഷണം പോലെ ഭ്രമാത്മകമായ ഒരു സന്ദർഭമാണിതും. ഓർമ്മകളിലേക്കും അതുവഴി അബോധത്തിലേക്കും വഴുതുന്ന പ്രശാന്തന്റെ ഈ കാഴ്ച ദൈവമെന്ന 'പിതാവി'ലേക്കെന്നപോലെ അഖിലയെന്ന 'മകളി'ലേക്കും ഉള്ള ഭാവനാസഞ്ചാരമായി പരിണമിക്കുകയാണ്.

**അച്ഛനെന്ന സങ്കല്പത്തിന്റെ രാഷ്ട്രീയമാനം**

പാലോട്ട് കാവിൽ പുതിയ തെയ്യക്കാരനെ തെരെഞ്ഞെടുക്കാനുള്ള പ്രശ്നംവയ്പ്പ് നടക്കുമ്പോൾ ചെമ്പകമരത്തിൽ യാതൊന്നു മറിയാതെ ചാരി നിന്ന പതിനാലുകാരനെ അടുത്തുവിളിച്ച് അടുത്ത തെയ്യക്കാരൻ നീയാണെന്ന് പറഞ്ഞേൽപ്പിച്ച കിട്ടൻനമ്പ്യാരാണ് രാമന്റെ ഭാവിജീവിതത്തിന്റെ നിർദ്ദേശകൻ. പ്രശാന്തന്റെ മേലധികാരിയെയും 'ദൈവം എന്ന ദുരന്തനായകൻ' അവതരിപ്പിക്കുന്നുണ്ട്. വിജയകൃഷ്ണൻ എന്നാണ് അയാളുടെ പേര്. കിട്ടൻ നമ്പ്യാരിൽനിന്ന് വിജയകൃഷ്ണനിലേക്കുള്ള ദൂരമാണ് നോവലിലെ ഓർമ്മയുടെ ദൂരം. നോവലിനുള്ളിലെ കാലവും അതാണെന്ന് പറയാം. ഒന്നുകൂടി വിശദമാക്കിയാൽ, ആധ്യാത്മികവും ലൗകികവും, ഗ്രാമീണവും നാഗരികവും എന്നിങ്ങനെയുള്ള ലോകങ്ങൾക്കു പുറമേ രണ്ടു വ്യവസ്ഥിതികളെ മുഖാമുഖം നിർത്തുകയുമാണ് നോവൽ ചെയ്യുന്നത്. അടിമകളും വിധേയരുമായി മനുഷ്യരെ നിലനിർത്തുന്ന ഫ്യൂഡൽ കാലവും പരിശ്രമംകൊണ്ട് സാമൂഹികപദവി നേടിയെടുക്കാവുന്ന ഉദാരമായ ജനാധിപത്യവ്യവസ്ഥയുമാണവ. 'ബോറടി മാറാനുള്ള ആത്മാർത്ഥമായ പരിശ്രമത്തിന്റെ പേരാണ് ജീവിതമെന്ന്' ഒരു പ്രസ്താവന വിജയകൃഷ്ണന്റേതായി നോവൽ നൽകുന്നുണ്ട്. (പുറം.17) ഒരേ പ്രവൃത്തിയുടെ നിരന്തരമായ ആവർത്തനമാണ് വിരസത. പുറത്തേക്കും ആത്മപ്രകാശനത്തിനും വഴികളില്ലാത്ത സംവൃതമായ തൊഴിൽ-പ്രവർത്തന മേഖലകളാണ് ജീവിതത്തെ വിരസമാക്കി മാറ്റു ന്നത്. അതിനെതിരെ പ്രവർത്തിച്ചുകൊണ്ടിരിക്കുക എന്ന ആഹ്വാനമാകുന്നു വിജയകൃഷ്ണന്റെ വാക്യം. കർക്കശക്കാരനായ വകുപ്പ് മേധാവി,

സഹൃദയനായ സുഹൃത്ത് എന്നീ വിരുദ്ധനിലകളിലുള്ള അയാളുടെ കേവലമായ ഒരു നർമ്മനിരീക്ഷണം എന്നതിനപ്പുറം ഈ വാക്യത്തിന് നോവലിൽ പ്രവർത്തിക്കുന്ന സാധ്യതകളുണ്ട്. ഏഴജാതിക്കാരായ മനുഷ്യരെ ചൂഷണത്തിൽനിന്ന് വെളിച്ചത്തിലേക്കിറക്കി നിർത്തിയതും ആത്മവിശ്വാസം പകർന്നതും കമ്മ്യൂണിസമാണെന്ന ഉത്തമമായ ബോധ്യം നോവലിന്റെ ഉള്ളറയിലുണ്ട്. 'ദൈവം എന്ന ദുരന്തനായകൻ' എന്ന നോവലിന്റെ വായനയിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം അതാകുന്നു. പ്രശാന്തന്റെ വർത്തമാനസ്ഥിതിക്കും അയാളുടെ ഓർമ്മകളുടെ അടിത്തട്ട് തെളിഞ്ഞ നിരന്തരപ്രവാഹത്തിനും ഊർജ്ജം പകരുന്നത് പ്രശാന്തൻ സ്വാംശീകരിച്ചിട്ടുള്ള ആ പ്രായോഗികജ്ഞാനമാണ്. നോവലിന്റെ ഈ രാഷ്ട്രീയം രണ്ടു തരത്തിൽ അതിന്റെ ആഖ്യാനത്തിൽ ലയിച്ചു ചേർന്നിരിക്കുന്നു.

ജന്മിയുടെ പ്ലാവിൽനിന്ന് ചക്ക വെട്ടി രാമന്റെ കുടുംബത്തിനു കൊടുക്കുന്ന കണ്ണന്മാഷ് സ്ഥിതിസമത്വ വാദത്തിന്റെ പ്രായോഗികവശമാണ്. ചൂഷണത്തിനും നീതികേടിനുമെതിരെ അയാളൊറ്റയ്ക്ക് അശരണർക്ക് കാവൽ നിൽക്കുന്നു. രാമൻ കമ്യൂണിസ്റ്റായതിന്റെ സാമൂഹിക സാഹചര്യം നോവൽ വിവരിക്കുന്നത് ഇങ്ങനെയാണ് : "പിള്ളറ് വിശന്ന് തളർന്നു കരഞ്ഞാപോലും ഒറ്റ ചക്ക അയില്ന്ന് പറിക്കാൻ ജന്മി സമ്മതിക്കൂല. എരന്നാപോലും ഒന്ന് തരൂല. അന്നേരം ഞാൻ പോയി കണ്ണന്മാഷോട് പറയും. (...) കണ്ണന്മാഷ് തായെ വന്നു നിന്നാപ്പിന്നെ ഒരു ജന്മിയും ചോയിക്കാൻ വെരൂലാ. കണ്ണന്മാഷ് മാർകിസ്റ്റാ.. അതുകൊണ്ട് ഞാനും മാർകിസ്റ്റാ..." (പുറം.39) അത്ര ലളിതമായി അച്ഛൻ തന്റെ ജീവിതത്തെ കമ്മ്യൂണിസത്തിനകത്ത് നിർവചിച്ചു എന്ന് പ്രശാന്തൻ തുടർന്നു ചിന്തിക്കുന്നു. കണ്ണന്മാഷിലേക്ക് വച്ചുമാറ്റുന്ന ഈ ദീനദയാലുത്വം, രക്ഷാഭാവം, വീരനായകത്വം എന്നിവ നോവൽ അവതരിപ്പിക്കുന്ന പിതൃഭാവത്തിന്റെ തുടർച്ചതന്നെയാണ്.

ഇത് കമ്യൂണിസമെന്ന പ്രത്യയശാസ്ത്രസംഹിത സാധാരണജനങ്ങളിൽ എങ്ങനെ പ്രവർത്തിച്ചു എന്നതിന്റെ പ്രായോഗികവശമാണ്. പ്രശാന്തൻ ഫ്ലൈറ്റിൽ വായിക്കാനെടുക്കുന്ന അന്റോണിയോ ഗ്രാംഷിയുടെ ജയിൽക്കുറിപ്പുകളിലെ 'ഇല്ലാതായിക്കഴിഞ്ഞു എന്നു നാം കരുതുന്ന ചില ആശയങ്ങൾ പലതരം സാമൂഹിക വ്യവഹാരങ്ങളിലൂടെ ഒളിച്ചു കടന്ന് നമ്മുടെ ചിന്തകളെയും നിലപാടുകളെയും നമ്മളറിയാതെ സ്വാധീനിക്കുന്നു' (പുറം.25) എന്ന മേൽക്കോയ്മാസിദ്ധാന്തത്തിന്റെ (പ്രത്യയശാസ്ത്രനായകത്വം എന്ന വാക്കാണ് നോവലിൽ ഉപയോഗിച്ചിരിക്കുന്നത്) സംഗൃഹീതമായ അവതരണം അതിന്റെ ആശയതലമാണ്. "ഇല്ലാതായിക്കഴിഞ്ഞു എന്ന് നമ്മൾ ആശ്വസിക്കുന്നതൊന്നും ഇല്ലാതായിട്ടില്ലെന്നും അതൊന്നും അത്ര പെട്ടെന്ന് ഇല്ലാതാകില്ലെന്നും അവ രൂപംമാറി നമ്മളെ കീഴ്പ്പെടുത്തുന്നുണ്ടെന്നുമുള്ള കാര്യം നമ്മൾ അറിയുമ്പോഴേക്കും നമ്മളതിനു വഴിപ്പെട്ടു പോയിട്ടുണ്ടാകും" എന്ന് മറ്റൊരിടത്തും അന്റോണിയോ ഗ്രാംഷിയുടെ ആശയത്തെ പ്രശാന്തൻ സംഗ്രഹിച്ചു ചേർക്കുന്നുണ്ട്. (പുറം.36) എൺപതുകളിൽ സാംസ്കാരികരൂപങ്ങളിലൂടെ മതരാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ സാമാന്യജനങ്ങളുടെ ബോധത്തെ കീഴടക്കാൻ തുടങ്ങുമ്പോൾ സാമൂഹികശാസ്ത്രവിജ്ഞാനികൾ മുന്നറിയിപ്പിനായി പ്രയോഗിച്ച വാക്കുകളാണ്, വർത്തമാനകാലസാഹചര്യത്തിൽ കൂടുതൽ പ്രസക്തിയോടെ പ്രശാന്തൻ ഉപയോഗിക്കുന്നത്. നോവലിലെ സാഹചര്യം ജാതിയും അടിമത്വവുമായി ബന്ധപ്പെട്ടതാണെന്ന വ്യത്യാസമുണ്ട്. ഈ നിരീക്ഷണം ഇതുവരെ കണ്ട പിതൃരൂപത്തിലെ ഗുരുപദേശസ്ഥാനത്തെ വിശാലമായ ഒരു പശ്ചാത്തലത്തിൽ പ്രതിഷ്ഠിക്കുന്നു.

ഭൗതികവാദികളായ കമ്മ്യൂണിസ്റ്റുകാർക്ക് ദൈവവിശ്വാസം പാടുണ്ടോ എന്ന സാമാന്യബോധത്തിന്റെ ആശയക്കുഴപ്പത്തിനു മുന്നിൽ വയ്ക്കുന്ന, യുക്തിബോധമുള്ള ഒരു മൂർത്തീകരണംകൂടിയാണ് രാമൻ എന്ന കഥാപാത്രം. ഭൗതികവാദത്തിനും സാധാരണമനുഷ്യരുടെ അത്താണിയായ ദൈവവിശ്വാസത്തിനും ഇടയ്ക്കുള്ള പാലത്തെപ്പറ്റി

നക്സൽമാധവനിലൂടെ ഉപന്യസിപ്പിക്കുകയും ചെയ്യുന്നുണ്ട്. കള്ളുഷാപ്പെന്ന പൊതുമണ്ഡലത്തിലെ വ്യവഹാരമായാണ് അത് അവതരിപ്പിക്കപ്പെടുന്നത്. തൊഴിലാളികളുടെയും ഇടത്തരക്കാരുടെയും ആശ്വാസമായ വിശ്വാസത്തിനോടൊപ്പം നിൽക്കാനുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തീരുമാനത്തെ ഏകെജിയുടെ ആത്മകഥയെ ഉദ്ധരിച്ചുകൊണ്ടാണ് മാധവൻ വിശദീകരിക്കുന്നത്. കാലികമായ രാഷ്ട്രീയപ്രശ്നങ്ങളെ ആഖ്യാനത്തിന്റെ ഭാഗമാക്കാനുള്ള നോവലുകളുടെ സ്വഭാവത്തിന്റെ ഭാഗംകൂടിയാണ് കള്ളുകടയിലെ സംഭാഷണം. രാമൻ ശില്പിയാണ്, ചിത്രകാരനാണ്, അഭിനേതാവാണ്, കൈത്തൊഴിലുകാരനാണ്, ചികിത്സകനാണ്, രക്ഷകനാണ്, ജനാധിപത്യ വാദിയാണ്. എല്ലാത്തിനും മുകളിൽ, സ്വീകാര്യമായ സാമൂഹികബന്ധങ്ങളുടെ മാതൃകാസ്ഥാനവുമാണ്. അയാളുടെ ദൈവസ്ഥാനം ഒരനുഷ്ഠാനകലയിലെ പങ്കാളിയെന്ന നിലയിൽമാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അത്രയും കഴിവുണ്ടായിരുന്ന മനുഷ്യന്റെ ജീവിതം ദുരന്തവും പരാജിതവുമായതിനു പിന്നിൽ പ്രവർത്തിച്ച സാമൂഹികാവസ്ഥയെ വിമർശനാത്മകമായി നേരിടുക എന്ന ദൗത്യമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഏറ്റെടുത്തത്. വിശദാംശങ്ങളോടുകൂടി യുള്ള സമഗ്രമായ ഒരു മനുഷ്യജീവിതത്തെ ചൂഷണവിധേയമാക്കുന്ന ഒരു സാമൂഹികക്രമത്തിൽ നിന്നുമുള്ള മോചനമാണ് പ്രശാന്തന്റെ ഔദ്യോഗിക പദവി. നോവലിലെ വിവക്ഷയനുസരിച്ച്, ആ പൂർത്തീകരണം സാധ്യമാക്കിയത് കമ്മ്യൂണിസം എന്ന പ്രത്യയശാസ്ത്രവ്യവസ്ഥയായതിനാൽ നോവലിന്റെ അബോധഘടനയിൽ പിതൃ സ്ഥാനത്ത് യഥാർഥത്തിലുള്ളത് ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഈ സ്ഥിതിസമത്വവാദമാണെന്നും പറയാം. ഇവിടെയാണ് ആശയതലത്തിൽമാത്രം സ്ഥിതി ചെയ്യുന്ന, വിശ്വാസത്തിൽമാത്രം കുടികൊള്ളുന്നത് എന്ന് നമ്മൾ വിശ്വസിക്കുന്ന ദൈവം ഭൗതികശക്തിയായി പരിണമിക്കുന്നത്. ആ ദൈവം ദുരന്തനായകനല്ല എന്നാണ് നോവലിന്റെ അബോധഘടന നൽകുന്ന സാക്ഷ്യം.

ജൈവികവും സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ പിതൃത്വഭാവങ്ങളുടെ പല തലങ്ങൾ വർത്തുളമായ ഘടനയ്ക്കുള്ളിൽ പരസ്പരബന്ധത്തോടെ നോവൽ സൂക്ഷിക്കുന്നു എന്നതിനു തെളിവാണ് ഈ ഉദാഹരണങ്ങൾ.

സ്റ്റോപ് മാറിയിറങ്ങുന്ന സ്ഥലബോധമില്ലാത്ത മണ്ടൻ എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഐ. ഐ. ടി. പ്രൊഫസറായ പ്രശാന്തൻ, സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു പിറവിയാണ്. രാമൻ കേന്ദ്രസ്ഥാനത്തുള്ള ഭൂത കാലത്തെയും പ്രശാന്തനെ ചുറ്റിനിൽക്കുന്ന വർത്തമാനകാലത്തെയും ചേർത്തുവച്ചുകൊണ്ട് ചിന്തിച്ചാൽ പിതൃബിംബത്തിന്റെ രൂപകപദവി രാമൻ എന്ന വ്യക്തിയിലോ ദൈവം എന്ന സങ്കല്പത്തിലോ മാത്രം ഒതുങ്ങി നിൽക്കാതെ, പ്രശാന്തനും അതുപോലെ ചൂഷിതരായിരുന്ന വലിയൊരു ഭൂരിപക്ഷം വരുന്ന കീഴാളസമൂഹത്തിനും അഭിമാനകരമായ സാമൂഹിക നില സാധ്യമാക്കിയ ഒരു പ്രത്യയശാസ്ത്രത്തിന്റെ കരുതലിലേക്കുകൂടി വളരുന്നു. "പിതാവിൽ നിശ്ശബ്ദമായിരുന്ന കാര്യങ്ങൾ മകനിലൂടെ വെളിപ്പെടുന്നു എന്നു പറഞ്ഞ (What was silent in the father speaks in the son, and often I found in the son the unveiled secret of the father) നീഷേ, human all *too* human എന്ന പുസ്തകത്തിൽ മറ്റൊരു പ്രധാനപ്പെട്ട ആശയംകൂടി പങ്കു വച്ചിട്ടുണ്ട്, 'പിതാവില്ലാത്ത മനുഷ്യൻ, ഒരെണ്ണത്തിനെ കണ്ടുപിടിക്കണം' എന്നാണത്. (1910:296) അപകൃഷ്ടമായ താത്പര്യത്തോടെ 'പൈതൃകം' എന്ന് ആവർത്തിക്കുന്ന സവർണ്ണമായ ഉൾപ്പുളകങ്ങളിൽനിന്നും തീർത്തും വ്യത്യസ്തമായ രാഷ്ട്രീയബോധ്യത്തോടെ നീത്ഷേയിയൻ വാക്യത്തിലേക്ക് നോക്കാൻ നോവൽ പ്രേരണ നൽകുന്നു എന്നിടത്താണ് അതിന്റെ രാഷ്ട്രീയ സാധുത തിരിച്ചറിയേണ്ടത്. തന്റെ നിലയ്ക്കും നിലപാടിനും തന്നിലൂടെ പ്രവർത്തിക്കുന്ന ബലവേഗങ്ങൾക്കും ആധാരമായ ശക്തിയെ അന്വേഷിക്കേണ്ടത് ചരിത്രത്തിലാണെന്നും ആ ബാധ്യത നമുക്കുണ്ടെന്നും ഓർമ്മിപ്പിക്കുകയാണ് 'ദൈവം എന്ന ദുരന്തനായകൻ' ചെയ്യുന്നത്. ഈ നോവൽ ആദ്യന്തം

അവലംബിച്ചിരിക്കുന്ന വിനീതമായ സ്വരം, ആ ചരിത്ര ത്തിനോടുള്ള ശ്രദ്ധാഞ്ജലിയാണെന്നു വേണം മനസ്സിലാക്കാൻ.

**ഗ്രന്ഥസൂചി**


*സത്യവേദപുസ്തകം*, (മലയാളം), 1996-97 ബാംഗളൂർ : ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ

പത്മനാഭപിള്ള ജി ശ്രീകണ്ഠേശ്വരം, 1980 *ശബ്ദതാരാവലി*, കോട്ടയം : സാഹിത്യപ്രസാധകസഹകരണസംഘം

പ്രകാശൻ പി പി 2021 *ദൈവം എന്ന ദുരന്തനായകൻ*, കോട്ടയം : ഡി സി ബുക്സ്

------------- 2023 *ഗിരി*, കോട്ടയം: ഡിസി ബുക്സ്

സോമൻ കടലൂർ 2012 *ഫോക്‌ലോറും സാഹിത്യവും*, കണ്ണൂർ : ആൽഫ വൺ പബ്ലിഷേഴ്സ്

Friedrich Nietzsche 1910 *Human All-Too-Human*, Helen Zimmern (Tr), Edinburgh: T. N. Foulis

Luigi Zoja 2001 *The Father: Historical, Psychological, And Cultural Perspectives*, Hentry Martin (Tr) , Newyork : Routledge



**ദിവ്യ പി എസ്**

എച്ച് എസ് എസ് ടി മലയാളം

ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ ഭരതന്നൂർ

തിരുവനന്തപുരം